(*b*) whether the Medical Board desired the Deputy Surgeon in charge of the Ophthalmic Hospital to recommend a competent man for filling up that vacancy ;

(*c*) if, so who was recommended ; and

(*d*) who was appointed ?

MR. P. VISVANATHA AIYAR (*Secretary to Government*) (*a*) Yes.

(*b*) Yes.

(*c*) The Medical Officer in charge of the Ophthalmic Hospital suggested the names of (i) Temporary Sub-Assistant Surgeon, Mr. K.C. Kesava Pillai, (ii) Sub-Assistant Surgeon, T. G. Sundaram, and (iii) Sub-Assistant Surgeon, P. K. Narayanan. None of them had any Ophthalmic training.

(*d*) Mr. C. M. Thomas, L. M. P., who has had special training in Ophthalmology.

DEMANDS FOR GRANTS.

PRESIDENT : The House is discussing Demand VIII— Public Works Department, and is at Motion No. 377, to reduce the allotment of Rs. 3,750 for T. A. by Rs. 5

MR. K. I. KOCHEEPPEN MAPPILLAI (*Nominated*): സർ, തിരുവിതാംകൂറിൽ ഏതാണ്ടു നൂറുമൈൽ റോഡുമാത്രമെ റയിൽവേഗതാഗതത്തിനു സൌകര്യപ്പെട്ടത്തി സ്ഥാപിച്ചിട്ടുള്ളു. ബാക്കിയുള്ള റോഡുകൾ പാദസഞ്ചാരികൾക്കും, വാഹനങ്ങൾക്കും സഞ്ചരിക്കാനുള്ളതാണു്. ഇങ്ങിനെയുള്ള റോഡുകളിൽ സർവപ്രധാനമായിട്ടുള്ള സ്ഥാനം വഹിക്കുന്നതു്, എം. സി. റോഡാണന്നു പറയേണ്ടതില്ലല്ലോ. ഈ എം. സി. റോഡ് വെള്ളപ്പൊക്കകാലത്തു ഗമനാഗമനത്തിനു നിവൃത്തിയില്ലാത്തവിധം ആണു സ്ഥിതിചെയ്യുന്നതെന്നു ഗവൺമെൻറിനറിയാമൊ, എന്നു ഞാൻ ചോദിച്ചിരുന്നു ചോദ്യത്തിന് ,അതിനെ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും ചെയ്യുന്നില്ലെന്നും സാമ്പത്തികാധിക്യമാകയാൽ പണംചിലവാക്കാൻ നിവൃത്തിയില്ലാതെ വരികയാണു് അങ്ങിനെചെയ്യാൻ ഇടയാകാതെവന്നതെന്നും " സെക്രട്ടറിഅവർകൾ പറയുകയുണ്ടായി. ഈ രാജ്യത്തിന്റെ മദ്ധ്യേക്രൂടിയുള്ള ഈ പൊതുനിരത്തു് ഇങ്ങനെ നിരുപയോഗമായിതീർന്നാൽ പൊതുജനങ്ങൾക്കു എത്രമാത്രം കഷ്ടനഷ്ടങ്ങളാണു് ഉണ്ടാകുന്നതെന്നു അല്പം ആലോചിച്ചാൽ അറിയാവുന്നതാണു്. പറവൂർമുതൽ കന്യാകുമാരിവരെ സൌകര്യമായി ഗമനാഗമനം ചെയ്യാനുള്ള മാർഗ്ഗം നിർദ്ദേശിക്കുക എന്നുള്ളതു വളരെ അത്യാവശ്യമായിട്ടുള്ള ഒരു കാര്യമാണു്. എം. സി. റോഡിൽ വെള്ളംകയറുന്നതു പരിഹരിക്കുന്നതിനു വലിയചിലവുണ്ടു്; അതുകൊണ്ടാണു് അതുചെയ്യാത്തതെന്നു പറഞ്ഞു. എന്നാൽ ഇങ്ങി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Kocheeppen Mappillai.]

നെ ആ ജാലി ഉപക്ഷിക്കപ്പെട്ടുകിടന്നാൽ ഒരുവലിയ വ്യയം ഒടുവിൽ വേണ്ടിവരുമെന്നുള്ളതു ഗവൺമെൻറ് ആലോചിച്ചിട്ടുള്ളതായി തോന്നുന്നില്ല. കഴിഞ്ഞനിയമസഭയിൽ ഹാജരായിരുന്ന ചിലർക്കു ദൈവീകമായ ഒരത്യാഹിതം നേരിടുകയും ഉടനെതന്നെ വീട്ടിലേക്കുപോകേണ്ടതായി വരികയും ചെയ്തപ്പോൾ വീട്ടിലെത്തിതിരിച്ചുവരുന്നതിനു സാധിക്കാതെ കുഴങ്ങിയിട്ടുണ്ട്. ഇങ്ങനെ വെള്ളപ്പൊക്കംകൊണ്ടു സഞ്ചാരസൗകര്യമില്ലാത്തതുനിമിത്തം കഷ്ടനഷ്ടങ്ങൾ ജനങ്ങൾ അനുഭവിക്കുന്നതിനു ഇടവരുത്തുന്നതും രാജ്യത്തിൻറെ മദ്ധ്യേകൂടിപോകുന്നതുമായ ഈ റോഡിനെ പൊക്കാത്തതു അക്ഷമായ ഒരുകാര്യമാണ് എന്നു ഞാൻ പറഞ്ഞാൽ അതു ഒട്ടും അധികമായിപോകുന്നതല്ല.

ഇനി എനിക്കു പറയുവാനുള്ളതു് ഈ രാജ്യത്തെ ഉപറോഡുകളിൽ സർവ പ്രധാനമായ സ്ഥാനത്തു നിൽക്കുന്നതിരുവല്ല — കോഴഞ്ചേരി റോഡിനെപ്പറ്റിയാണ്. ഈ റോഡിനെപ്പറ്റി ഞാൻ പ്രജാസഭയിൽ രണ്ടോ മൂന്നോ പ്രാവശ്യം പറഞ്ഞപ്പോൾ അതിൻറെ പ്രധാന്യത അന്നത്തെ അധികാരികൾക്കു മനസ്സിലാക്കാൻ സാധിക്കാതെവന്നു. ഒടുവിൽ ആ റോഡിൽകൂടി ഗമനാഗമനം ചെയ്യുന്ന വണ്ടികളുടേയും ജനങ്ങളുടേയും ഒരു കണക്കെടുത്തു വായിക്കുകയും, അതിൽ കൂടുവാണ് അവിടത്തെ ഗമനാഗമനത്തിൻറെ സംഖ്യ എന്നു കണ്ടാൽ ഈ റോഡിനെസംബന്ധിച്ചുള്ള ചിലവു ഞാൻതന്നെ വഹിച്ചുകൊള്ളാമെന്നു സമ്മതിക്കയും ചെയ്തു. ഒടുവിൽ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ അവിടെ വരികയും ഞാൻ പറഞ്ഞതിൽ കൂടുതൽ കാണുകയും അവിടെ ഒരു പാലം പണിയാമെന്നു സമ്മതിക്കുകയും ചെയ്തു. ഇടവംമുതൽ തുലാംവരെ വർഷംനിമിത്തം വെള്ളംകയറി നിരുപയോഗമായ ഒരവസ്ഥയിലാണ് ഈ റോഡുകിടക്കുന്നതു്. ഈ റോഡു നന്നാക്കി സർവ പ്രധാനമായ കോഴഞ്ചേരി പാലവും കെട്ടിത്തരേണ്ടതത്യാവശ്യമാണ്. എൻറെ ബഡ്ജറുപ്രസംഗവേളയിൽ സാമ്പത്തികാധഃപ്പതനത്തെപ്പറ്റി പറയുകയും ഇപ്പോൾ അതിനെതിരായി പറയേണ്ടിവരികയുംചെയ്തതിൽ എനിക്കു മനസ്ഥാപമുണ്ട്. ഈ നിയമസഭയെ അലങ്കരിക്കുന്ന തെക്കൻതിരുവിതാംകൂറിലെ പ്രതിനിധികൾക്കും ഗവൺമെൻറധികാരികൾക്കും കൊട്ടാരക്കരവഴിക്കുള്ള അറിവു വളരെകുറവാണ്. തെക്കൻ തിരുവിതാംകൂറിനെ അപേക്ഷിച്ചു മദ്ധ്യതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും കൂടുതൽ വെള്ളപ്പൊക്കമുണ്ടാകുന്നുണ്ടെന്നു ഞാൻ പറയുന്നതു ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavancod*) മെമ്പർ തെക്കൻ തിരുവിതാംകൂറിൽ ഏതുവരെ പോയിട്ടുണ്ട്?

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): കന്യാകുമാരിവരെ പോകയും ചില സ്ഥലങ്ങളിൽ താമസിക്കയുംചെയ്തിട്ടുണ്ട്.

ഇങ്ങിനെ എം. സി. റോഡിനെപ്പറ്റിയുള്ള പരിജ്ഞാനത്തിന്റെ കുറവുകൊണ്ടാണു്, എന്റെ ചോദ്യത്തിനു് ആണ്ടിൽ ഒന്നോ രണ്ടോ ദിവസംമാത്രമേ റോഡിൽവെള്ളംപൊങ്ങി കടക്കുകയായുള്ളൂഎന്നു സെക്രട്ടറി അവർകൾ പറഞ്ഞതു്. എന്നാൽ യഥാർത്ഥം അങ്ങിനെയല്ല. ഒന്നും രണ്ടും മയിൽദൂരം റോഡു് ഒരാണ്ടിൽ അനേകം മാസങ്ങൾതന്നെ വെള്ളത്തിന്റെ അടിയിലായി ഗതാഗതം തടഞ്ഞുകിടക്കുന്നുണ്ടു്. ഈ സംഗതിയിൽ ഇനിയെങ്കിലും ഗവണ്മെൻറു ശ്രദ്ധ പതിപ്പിക്കേണ്ടതാണു്.

തിരുവല്ലാ-മാവേലിക്കര റോഡിനെപ്പറ്റിയാണു് ഇനി എനിക്കു പറയുവാനുള്ളതു്. ആ റോഡു് പ്രസിഡൻസിക്കാർകൾതന്നെ കാണുന്നതിനിടയായി എന്നാണു് എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ ശ്രദ്ധയെ ഞാൻ അവസരംപോലെ ആകർഷിച്ചിട്ടുണ്ടു്. ചീഫ് എൻജിനിയർ ഇതിൽ ശ്രദ്ധപതിപ്പിച്ചു ഏതാനുംചില പാലങ്ങൾ പണിയിച്ചാൽ ഗതാഗതത്തിനു വലിയ സൗകര്യം ഉണ്ടാകുന്നതാണു്. തിരുവല്ല തിരുവിതാംകൂറിൽ സുപ്രധാനമായ ഒരു കേന്ദ്രസ്ഥലമാണു്. അതിന്റെ പാശ്വഭാഗങ്ങളിലുള്ളവക്കെല്ലാം സഞ്ചരിക്കുന്നതിനുപയോഗപ്രദമായ ഒരു റോഡാണിതു. വലിയ ചിലവുകൂടാതെ കുറേശ്ശേകുറേശ്ശയായി എങ്കിലും ഗവണ്മെൻറു പാലങ്ങൾകെട്ടി ജനങ്ങൾക്കുപയോഗപ്രദമാക്കിത്തരണം.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): രണ്ടു മൂന്നുകൊല്ലം ബഡ്ജറ്റിൽ ചേർത്തിട്ടും പാലങ്ങൾ പണിയിച്ചിട്ടില്ലെന്നറിയാമോ?

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): പണിയിച്ചിട്ടില്ല. വളരെപ്പേർ പറയുകയും ബഡ്ജറ്റിൽ തുക കൊള്ളിക്കയുംചെയ്തെങ്കിലും അതൊക്കെ പ്രയോജനമില്ലാതെ ആയിതീരുകയാണു് ചെയ്തതു്.

PRESIDENT: Your time is up.

MR. K. I. KOCHEEPPAN MAPPILLAI (*Nominated*): മി: ജോസഫ്കുഞ്ഞു പറഞ്ഞതുപോലെ കുറച്ചുഴതോട്ടം വെട്ടേണ്ടതത്യാവശ്യമാണു്. ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന ജലപ്രളയത്തിനു ഈ കുറച്ചുഴതോടുവെട്ടുന്നതു വലിയ പരിഹാരമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

MR. S. CHATTANATHA KARAYALAR (*Pattanapuram* cum *Shencotta*) : Sir, I support the motion. My object in supporting the motion is simply to draw the attention of the Government and the Chief Engineer in particular to the unsatisfactory condition of the roads and some of the bridges in general. The Government have recognised the principle of providing good roads for communication in the State and have with this object been allotting increased maintenance grants over a period of years. I note that the allotment under maintenance grant was Rs. 7·94 lakhs in 1101. It rose to Rs. 9·98 lakhs in 1105, and to Rs. 10.35 lakhs in 1106. But Sir, the improvement of the condition of the roads is not made to keep pace with the increase in expenditure under maintenance. Some years ago, our roads were kept in a very beautiful condition, so much so, that we used to boast on the condition of our roads, at any rate in comparison with the condition of roads in British India. Now, our roads are deteriorating so much that the roads in the neighbouring British Indian Districts are very much superior and our roads cannot stand in comparison with them. I will just make a reference to some of the important trunk roads. First, I shall deal with the Main Southern Road. This road was kept in a very beautiful condition. Of late, its condition has become worse. I have only to tell the House that it takes something like 4 to 5 hours for motor cars to do the distance between Trivandrum and Nagercoil. But two or three years back, they used to take about 2 to 2½ hours only. That is sufficient to indicate the condition of that road at present.

As regards the condition of the Main Central Road, I believe Mr. Tarakan had occasion to refer to it. I will not refer to it much except to say that the road is getting worse, and there are awful curves which are dangerous for motor traffic now-a-days.

Then there is the Trivandrum-Shencotta road which is about 64 miles in length and motor traffic is fast developing in this road. In spite of that, that road is being gradually neglected. It is very very narrow and has got many bad curves which can easily be rectified at a very low cost. In this connection I may refer to a breach on this road which occurred a few months back near the Parappara bridge. It occurred about the end of Vrischigom last and the length of the breach was only 100 ft. or so. The cost of restoration was Rs. 6,700 nearly. It took the department, to restore the communication, a period of about four to five months. I do not understand why the department should have taken such a length of time to restore communication, especially when the restoration work consists of chiefly earth work and the cost is about Rs. 6,700. I have also to draw the Chief Engineer's attention to the fact that, although the road is 64 miles in length, about 10 to 12 miles are not metalled. I cannot understand that.

A word about the Quilon-Alleppey road. Though it is a newly constructed one I found to my surprise a number of awful curves about a mile to the north of the Thottapalli crossing. This could have been rectified if the Chief Engineer had taken the trouble to visit the area. Then I come to speak of the conditions of the minor roads. The people

LIBRARY ARCHIVES Kerala Legislative Assembly

of Pattanapuram taluk have been agitating for a road from Avaneeswaram to Anchel. It seems to have been promised to them in the year 1914 itself; and though this matter must have engaged the attention of Government for the last 18 years, nothing seems to have been done yet.

About the approach road to the railway station at Nainaragaram from Telangad, it seems to have been constructed to cover about a furlong in length and is left unfinished. As a matter of fact, there is no approach road to the railway station, which is very essential.

PRESIDENT: Your time is up.

MR. S. CHATTANATHA KARAYALAR (*Pattanapuram* cum *Shencotta*): I have tabled a similar motion next to this. So I may be allowed 10 minutes.

PRESIDENT: Yes, you may proceed.

MR. S. CHATTANATHA KARAYALAR (*Pattanapuram* cum *Shencotta*): A word about some of the bridges is not quite out of place for me to speak. There is an important bridge on the road from Shencotta at a place called Kundar, that is, at the eastern extremity of the entrance to the Travancore territory. This is the connecting link between two roads which meet at an angle. Consequently, this bridge has to be kept as wide as possible to avoid accidents. As a matter of fact, accidents are caused on account of the narrowness and angles existing on the roads. They are a source of danger to life and property. I know for a fact that some carts have come to grief on that particular bridge when they were trying to negotiate.

There is also another bridge on the road from Shencotta to the Shencotta railway station. That was constructed only four years back and within an year of its completion there was a big breach on the road next to the bridge probably because of the fact that the bent way was not sufficient for the flood discharge. I believe it will engage the attention of the Chief Engineer. There is something like a causeway between the Vallikunnu and Kundar river. That was found to be ineffective from the time of its completion A bridge there seems to have been promised to the people. But nothing seems to have been done. The causeway itself is ineffective and during times of ordinary floods people inhabiting either side of the river are cut off from each other. The causeway is in a bad condition and requires improvement. The Chief Engineer will do well to attend to all my requests. With these words, I support the motion.

MR. S. KRISHNA PILLAI (*Karunagapalli*): Sir, I rise to support the motion. In supporting it, I wish to lay emphasis on one or two points just for the purpose of showing that the motion now before the House is not merely a nominal one but a real cut motion. I find from the Administration Report put into my hands that in 1106, out of 365 days, the Chief Engineer, Mr. Westerdale, was on circuit only for 14

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Krishna Pillai,]

days outside the headquarters. In the remarks column it is said that almost every day he was in the headquarters. In that way he was carrying on inspection work within a radius of 5 miles. If that were the condition prevailing in 1106 and if that continued in 1107, it is no wonder why every one of us has possibly something to say in regard to the unsatisfactory condition of the roads, channels, bridges and other works in charge of the P. W. D. On this motion itself everyone of us will be able to speak and is entitled to speak and spend the whole time allotted for discussion on this matter. I shall only draw the attention of this House to the matters concerning the Karunagapalli taluk. From that I shall convince everybody in this House that if the Chief Engineer has made a circuit outside the headquarters for a reasonably longer number of days, these things could not have happened. I wish he would certainly not allow things to drift for themselves. There is a lake called Todiyur lake comprising about 3,000 paras of paddy lands. It was auctioned for paddy cultivation. It is 20 years since the registry was effected. During that period the registry holders were paying large sums of money as revenue to Government. As a result of continued agitation for a drainage channel, Government ordered the construction of the existing channel. To no small surprise to the owners of paddy lands it is now found that the existing channel has been so constructed that it does not touch the paddy lands. It comes and stops all on a sudden without any warning about a furlong away from the place. The reason was, at the time the channel was constructed, the P. W. D. Officer was under the impression that the lake extended up to the place where the channel at present stops. Agitations were made, but no redress was forthcoming. This matter was brought to the notice of the Chief Engineer by me this year and I believe the Chief Engineer will be convinced, I am certain, if he had gone to that place, of the necessity and the justification of our demand. I complained that the Chavara Sasthancotta road was in an utterly unsatisfactory condition, the road was bumpy in various places and carts could not go along the road. It is one of the most heavily trafficked roads in the Karunagapally taluk. I brought up the same matter last year. The Government said that they had asked the Chief Engineer to inspect the place. I asked them whether the Chief Engineer had inspected the locality. Government said yes. I have my doubts whether the Chief Engineer had gone to the place mentioned by me. If he had gone, I am sure he would be convinced of the justice of our demand. Again, the Report says that some improvements were made to 3 miles in the Chakkuvally Kulathur road. If this is the case from what I find from my actual travelling on the road, I have a mind to ask him. Is this the improvement the Chief Engineer refers to in the Reports." I am very sorry to observe that the improvements, referred to by the Chief Engineer, are no improvements at all. There are some gravels thrown about,

LIBRARY ARCHIVES Kerala Legislative Assembly

and the Chief Engineer calls it improvements for about 3 miles. It is stated that land acquisition proceedings were not being completed. I cannot understand why such proceedings were not being completed. If he had visited the locality, he would have been convinced of the truth of my statement. Large sums of money are being frittered away in this manner on account of the lapses in the way of superintendence in the department. Things ought not to be left to be disposed of by subordinate officers in charge of the department who busy themselves more in regard to the scrutiny of work done by their own subordinates.

I understand that the Chief Engineer has been on circuit for only 14 days in the year. That is very alarming. The Police Commissioner was outside the headquarters for 103 days. The Director of Public Instruction says he travelled between Banglore and Trivandrum and Madras and Trivandrum and was on circuit for 190 days and visited 108 institutions. I wonder at this rate how many original works of construction the Chief Engineer could have inspected in 1107.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): സർ, ഞാനും ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊണ്ടു വ്യാപാര വിഷയമായും മറും അത്യാവശ്യമായ ചില ഗതാഗതമാർഗ്ഗങ്ങളെ പ്രത്യേകം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടു വന്നുകൊള്ളുന്നു. ഗവണ്മെൻറു ഡയറക്ടറിയിൽ തെക്കൻ തിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും ഒരു ചതുരശ്രമയിലിന്നു ഒരു മൈൽവീതം റോഡുണ്ടെന്നും ഉത്തരതിരുവിതാംകൂറിൽ ആവിധത്തിൽ റോഡ് വർദ്ധിപ്പിക്കാൻ ഗവണ്മെൻറു പരിശ്രമിക്കുന്നു എന്നും പറഞ്ഞിട്ടുള്ളതുപോലെ പരിശ്രമങ്ങളൊന്നും തന്നെ അനുഭവത്തിൽ കാണ്മാനില്ല. ഉത്തരതിരുവിതാംകൂറിലേക്കു ചേർക്കുന്നതു് അധികം ഭാഗവും ആണ്ടവസാനത്തിൽ ലാപ്സാവുകയാണുചെയ്യുന്നതു്. ഉത്തരതിരുവിതാംകൂറിലെ ഏറവും ഗതാഗതം കുറഞ്ഞ ഒരു ഭാഗത്തു് ഈ വിധത്തിൽ ലാപ്സാക്കി കളഞ്ഞ സംഖ്യയുടെ വിവരവും അവിടത്തെ ആവശ്യവും പ്രസിഡൻറിൻെറ മുമ്പാകെ തന്നെ ഒരു ഡെപ്യൂട്ടേഷനായിവന്നുസമർപ്പിച്ചിരുന്നു. എന്നാൽ ബഡ്ജറിൽ മുമ്പു ചേർത്തിരുന്ന പല ഇനങ്ങളും പിന്നീടുചേർക്കയുണ്ടായില്ല. പഴയ ബഡ്ജറുകളം നോക്കിയാൽ ഉത്തരതിരുവിതാംകൂറിലേ ആവശ്യത്തിനായി ഒരു വലിയ തുക ചേർക്കുന്നുണ്ടെന്നുകാണാം. ഇങ്ങനെ ആണ്ടുതോറും വലിയ തുക ബഡ്ജറിൽ ചേർക്കുന്നുണ്ടു; വീണ്ടും അതു പോരാ പോരാ എന്നു പറയുന്നതല്ലാതെ ഒരു ആക്ഷേപം ചിക്കു ഇതു കാണുമ്പോൾ തോന്നാം. എന്നാൽ ഇതിൽ അധികം ഭാഗവും ചിലവാക്കാതെ ലാപ്സാവുകയാണു് എന്നതു അവർ അറിയുന്നില്ല. ക്ഷുത്തുകൊണ്ടു വിവശരായിരിക്കുന്നവരുടെ മുമ്പാകെ ആഹാരപദാർത്ഥ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman]

ങ്ങൾ വിളമ്പിവയ്ക്കുകയും അതനുഭവിക്കാനിടയാകാതെ തിരിച്ചു കൊണ്ടുപോകയും ചെയ്യുന്ന ഒരു സമ്പ്രദായമാണ് ഉത്തരതിരുവിതാംകൂറിനെ സംബന്ധിച്ചു P. W. D. കാണിച്ചുവരുന്നത്. ഉത്തരതിരുവിതാംകൂറിൽ റോഡുകളുടെ ആവശ്യമുണ്ടെന്നു ഗവണ്മെൻറു ധരിക്കുന്നതു തന്നെ അസംബ്ലിയിലും മറ്റും പറയുന്നതിൽ നിന്നുമാണ്. അതിനെപ്പറ്റി അധികം പറയുന്നില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): മദ്ധ്യതിരുവിതാംകൂർ എന്നുപറയുന്നതു എവിടമാണു?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) തിരുവനന്തപുരത്തിനു തെക്കുള്ള കുറെ താലൂക്കുകൾ, ഒരു മെമ്പർ നെടുമങ്ങാടുതന്നെ തെക്കൻ തിരുവിതാംകൂർ എന്നുപറഞ്ഞു. അതുമദ്ധ്യതിരുവിതാംകൂറാണ്.

മുൻപറഞ്ഞ വിധത്തിലാണു വടക്കൻതിരുവിതാംകൂറിലെ കായ്വുങ്ങൾ ഉപേക്ഷിച്ചിട്ടിരിക്കുന്നതു. ബഡ്ജറ്റിൽ ചേർക്കുന്നസംഖ്യഅതാതിനങ്ങൾക്കു ശരിയായി വിനിയോഗിക്കുന്നുണ്ടോ എന്നു ചീഫ് എൻജീനയരുടെ സൂക്ഷ്മത്തിൽപ്രത്യേകംശ്രദ്ധിക്കേണ്ടതാണ്. കീഴിലുള്ള ഉദ്യോഗസ്ഥന്മാർ അവർക്കു ഇഷ്ടമുള്ള സംഖ്യ ഇഷ്ടമുള്ള സ്ഥലത്തു ചിലവാക്കയും, അവർക്കുവിരോധമുള്ളതൊ അല്ലെങ്കിൽ പ്രത്യേകശ്രദ്ധയില്ലാത്തതൊ ആയ പ്രദേശങ്ങളിലേക്കനുവദിച്ചിട്ടുള്ള തുക ലാപ്സാക്കുകയും ചെയ്യുകയാണ് ഇന്നുകണ്ടുവരുന്നതു. അങ്ങിനെചെയ്യുവാൻ അനുവദിക്കരുതു. മൊത്തത്തിൽ ഇതുയുംപ്രസ്താവിച്ചുകൊണ്ടു വ്യാപാരസൌകര്യത്തിനാവശ്യമുള്ള ചില പ്രധാനറോഡുകളെ മൂണ്ടിക്കാണിച്ചുകൊള്ളുന്നു.

കോട്ടയം തിരുവിതാംകൂറിലെ ഒരു പ്രധാനകച്ചവടസ്ഥലമാണു. ഇവിടെ നിന്നും ആലപ്പുഴയിലേക്കു കിഴക്കൻ പ്രദേശങ്ങളിൽ നിന്നും വരുന്ന ചരക്കുകൾകൊണ്ടുപോകാൻ ഇപ്പോൾ വളരെ പ്രയാസമുണ്ടു, ഇതിലേക്കു കരമാർഗ്ഗമായി ഒരു റോഡു തുറന്നുതരണമെന്നു പ്രജാസഭയിലും കൌൺസിലിലും വളരെകാലമായി പറഞ്ഞുകൊണ്ടിരിക്കയാണ്. ഈ ക്ഷാമകാലത്തു അനവധിസാധുജനങ്ങൾക്കു തൊഴിൽ ലഭിക്കുന്നതിനു ഇതുമാതിരിജനങ്ങൾക്കത്യന്താപേക്ഷിതമായജോലികൾ ചെയ്യേണ്ടകടമ ഗവണ്മെൻറിനുണ്ടു.

മറെറാരു ചങ്ങനാശ്ശേരിയിൽനിന്നും ആലപ്പുഴക്കുള്ള തോടു തീർക്കുകയാണ്. ഇപ്പോൾ കൊപ്രാ, കുരുമുളകു, പുകില മുതലായ ചരക്കുകൾ കായൽമാർഗ്ഗംചെറുവള്ളങ്ങളിൽ കയറ്റികൊണ്ടുപോകേണ്ടിയിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനാൽ വല്ലകോളൊമറെറാളുണ്ടായാൽ നിശ്ചിത സമയത്തു ചരക്കുഎ ത്തിക്കാൻ സാധിക്കുന്നതല്ല. എന്നാൽ ഈ തോട്ടുറക്കുന്നപക്ഷം വ ലിയ കെട്ടുവള്ളങ്ങളിൽ തന്നെ ചരക്കുകയററി കഴക്കോലുകൊ ണ്ടു ഊന്നിക്കൊണ്ടുപോകാൻ സാധിക്കും. ഇപ്പോഠം അതിനു നിവൃത്തി യില്ല. ഇഴഞ്ഞു വേണം കൊണ്ടുപോകാൻ ഈ കായ്ത്തൽ ഗവണ്മെ ൻറിൻെറശ്രദ്ധപ്രത്യേകം പതിയണം.

ആലപ്പുഴയുള്ള മൺട്രോലൈറുഹൌസിനടുത്താണ് കിഴക്കൻച രക്കുകഠം വന്നടുക്കുന്നത്. അവിടെനിന്നും ആലപ്പുഴ വ്യാപാരസ്ഥലത്തു ചരക്കുകഠം കൊണ്ടുപോകാൻ ശരിയായ റോഡില്ലാത്തതിനാൽ വളരെ ബുദ്ധിമുട്ടകഠം അനുഭവിക്കുന്നുണ്ട്. അതിനാൽ അവിടെനിന്നും നേരെ ഒരു റോഡു തത്തംപള്ളിയിലേക്കു വെട്ടിയാൽ അതു സൌകര്യപ്രദമാ യിരിക്കും. ഈ ഒരു റോഡു വളരെ അത്യാവശ്യമാണെന്നു പ്രസിഡൻറു അവർകളെ തന്നെ ആലപ്പുഴെ വന്നപ്പോഠം ഡെപ്യൂട്ടേഷൻമുഖേന ജനങ്ങഠം അറിയിച്ചിട്ടുണ്ട്

പെരിയാററിൽ ഒരു പാലം പണിയുക എന്നുള്ളതു് എത്രയും അ ത്യാവശ്യമായ ഒരു സംഗതിയാണു്. റെയിൽവെപാലത്തിൽ പലക നിരത്തിവണ്ടിപോകുത്തക്കവണ്ണമാക്കുകയും അവിടെനിന്നും അടുത്തറോ ഡിലേക്കു് ഒരു റോഡുവെട്ടിക്കൊട്ടുകയും ചെയ്താൽ തല്ക്കാലം മതിയാ കും. എന്നാൽ ആലുവാ ആററിൽ ഒരു പാലം പണിയുന്നപക്ഷം സം സ്ഥാനത്തിൽ നെടുനീളെയുള്ള സഞ്ചാരത്തിനുപയോഗപ്പെടുമെന്നു മാ ത്രമല്ല മദ്രാസ്വരെയൊ മംഗലാപുരംവരെയൊ കടത്തുകടക്കാതെ കാറി ൽതന്നെ പോവുകയും ചെയ്യാം. ഇപ്പോഠം ഈ ഒരു പാലത്തിൻെറ അ ഭാവം മാത്രമെരാജ്യത്തു നീളെയുള്ള സഞ്ചാരത്തിനു തടസ്സമായൊള്ളു.

സെൻട്രൽക്രാസുറോഡിനു കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ പ ണമുണ്ടായിരുന്നു; ഇത്തവണ അതു കാണുന്നില്ല. ഇതു് ഏററവും പ്ര ധാനമായ ഒരു റോഡാണു്. വള്ളുങ്ങഠം വരുന്ന കച്ചവടസ്ഥലമായ പി റവത്തൂരനിന്നു മൂവാററുപുഴതാലൂക്കിൻെറ മദ്ധ്യേക്കൂടി തൊടുപുഴക്കുപോ കുന്നഒരു റോഡാണ് ഇതു്. ഇവിടെ ഒക്കെ ജനാധിവാസം വളരെയ ധികമുണ്ടു്.

MR. A. KUMARA PILLAI (*Secretary to Government*): ഏതു റോ ഡാണു്?

MR. TARIATU KUNJITOMMA (*Commerce and Industry North*): സെൻട്രൽക്രാസുറോഡു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman]

മൊത്തത്തിൽ ചിലവാക്കുന്നസംഖ്യയിൽ ഒരു വലിയപങ്കു കീഴ ദ്യോഗസ്ഥന്മാക്കും ഒരു പങ്ക് കൺട്രാക്ടർമാക്കും പോകുന്നു. ബാക്കി യെ ചിലവുവരുന്നുള്ളൂ. ഉദ്യോഗസ്ഥന്മാക്കുപോകാൻ ഇടകൊടുക്കരുതു. ജനങ്ങളോടും ജനപ്രതിനിധികളോടും ചോദിച്ചു കീഴദ്യോഗസ്ഥന്മാർ അഴിമതി നടത്തുന്നുണ്ടോ എന്നു ചീഫ് എൻജനീയർ അറിയണം. ഇപ്പോൾ ചീഫ് എൻജനീയരുടെ സക്കീട്ടിൽ ജനങ്ങൾക്കു കായ്യം പറ യുവാൻസൌകര്യം കൊടുത്തുവരുന്നുണ്ട്. എന്നാൽ ചീഫ് എൻജനീയർ ഇക്കായ്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. ഇതുയും പ്രസ്താവി ച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

MR. P. S. MAHOMED (*Nominated*): സർ, മി. കെ. പി. കൊച്ചു കോരാതരകൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ആലപ്പുഴയും അതിന്റെ പരിസരപ്രദേശങ്ങളിലുമുള്ള ഗതാഗതസൌകര്യത്തിനു നേരിട്ടിരിക്കുന്ന ചില തടസ്ഥങ്ങളെ ചൂണ്ടി കാണിച്ചു് അതിലേക്കു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കണമെന്നുള്ളതാ ണു് എന്റെ ഉദ്ദേശം. ആലപ്പുഴയുടെ വടക്കുഭാഗത്തായി കൊമ്മാടി പാലം എന്നു ഒരു പാലമുണ്ടു്. ആ പാലം ഇപ്പോൾ മിക്കവാറും ന ശിച്ചുകഴിഞ്ഞു. ചേർത്തലതോടു വെട്ടിയതുമുതൽ ഈ പാലംവഴി ഗതാ ഗതം ചെയ്യുന്നതിനു തീരെ സൌകര്യമില്ലാതെ ആയിതന്നിട്ടുണ്ടു്. ദി വസംപ്രതി പതിനായിരത്തോളം കൂലിവേലക്കാർ ഗതാഗതംചെയ്യേണ്ട ഒരു പാലമാണു് ഇതു്. പത്തു പതിനായിരംപേർ ഒരേസമയത്തു ഈ പാലം കടക്കേണ്ടതായിവരുമ്പോൾ നിർദ്ദിഷ്ടസമയത്തു കൂലിവേലക്കാ ക്കു അവരുടെ വേലസ്ഥലത്തു എത്താൻ സാധിക്കുകയില്ല. അതിനാൽ എട്ടുമണിക്കു വേലയ്ക്കുപോകേണ്ട കൂലിക്കാർ രാവിലെ നാലുമണി ക്കേ വീട്ടിൽനിന്നും തിരിക്കേണ്ടിയിരിക്കുന്നു. ആറേഴുവർഷങ്ങളായി ഈ പാലത്തിന്റെ സംഗതി ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽ കൊ ണ്ടുവന്നുകൊണ്ടിരിക്കയാണു്. ഇതുവരെ ഒരു ഫലവും കാണുന്നില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ചീഫ് എൻജനീയർ അവിടെ വന്നു നോക്കിയൊ?

MR. P. S. MAHOMED (*Nominated*): നോക്കീട്ടുണ്ടോ ഇല്ലയൊ എ ന്നെനിക്കറിഞ്ഞുകൂടാ. എന്തായാലും ഇതു് വളരെ അത്യാവശ്യമായ ഒരു പാലമാണെന്നും ഇനിയെങ്കിലും ഇതിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കു ണമെന്നുമാണു് എനിക്കുപറയുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ഇനി എനിക്കു പറയുവാനുള്ളതു് ആലപ്പുഴ വാടത്തോട്ടിന്റെ പടിഞ്ഞാറെ അറ്റത്തു ടിംബർ ഡിപ്പോവിനു സമീപം ഒരു പാലംപണിയണമെന്നുള്ളതാണു്. ഇതിനെ സംബന്ധിച്ചു പലപ്രാവശ്യവും ഞാൻതന്നെ പറഞ്ഞിട്ടുണ്ടു്. ഇതത്യാവശ്യമാണെന്നു ഇപ്പോഴത്തെ ചീഫ് എൻജിനീയർ മനസ്സിലാക്കിയിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മുമ്പിലത്തെ ചീഫ് എൻജിനീയർ മ. വൈപ്പൻ അവിടെ വന്നു നോക്കി ഇതത്യാവശ്യമായ ഒരു പാലമെന്നു സമ്മതിച്ചിട്ടുണ്ടെന്നുള്ള സംഗതിയും ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണു്. ഇതുവരേയും അതിലേക്കായി യാതൊരു നടപടിയും നടത്തിയിട്ടില്ല. ഇക്കൊല്ലത്തെ ബഡ്ജറിൽ അതിലേക്കു പ്രൊവിഷനുമില്ല.

മറ്റൊരുപാലമുള്ളതു കോട്ടവാതുക്കൽ പാലമാണു്. ബോട്ടും മറ്റും വന്നു തട്ടുന്നതിന്റെ സമീപത്തുള്ള ഈ പാലവും മിക്കവാറും ജീർണ്ണിച്ചിരിക്കയാണു്. ശരിയായനിലയിൽ ഓടുന്നകാറുകളെ ഈ പാലത്തിൽക്കൂടി ഓടിക്കുവാൻ ഭയപ്പെടുന്നുണ്ടു്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ജില്ലാക്കോർട്ടിലേക്കു പോകുന്ന പാലമല്ലെ?

MR. P. S. MAHOMED (*Nominated*) : അതേ.

പല സന്ദർഭങ്ങളിലും ഈ ഡിപ്പാർട്ടുമെൻറിലുള്ള പല ഉദ്യോഗസ്ഥന്മാരും ഈ പാലം കണ്ടിട്ടുണ്ടു്. ഒരു പ്രയോജനവുമില്ല. ഇതും അധികം താമസിയാതെതാഴെവീഴും. അതിനാൽ ചീഫ്എൻജനീയർ ശ്രദ്ധപതിപ്പിച്ചു് ഇതിനേയും നന്നാക്കേണ്ടതാണു്.

ഇരുമ്പുപാലത്തിനു് ബസ്സുപോകത്തക്ക നിലയിൽ ശക്തിയില്ല. ഇതും വളരെ പഴയതായിപ്പോയി എന്നും, താഴെവീണുപോകുമെന്നും ഡിപ്പാർട്ടുമെൻറുതന്നെ സമ്മതിക്കുന്നുണ്ടു്. ഇപ്പോൾ കൊല്ലത്തേക്കുപോകുന്ന ബസ്സു് പാലത്തിന്റെ ഒരു കരയിലും, ചേർത്തലക്കു പോകുന്ന ബസ്സുകൾ മറേറക്കരയിലുമാണു് നിൽക്കുന്നതു്. പാലത്തിന്റെ ബലക്കുറവുകൊണ്ടു് അങ്ങോട്ടും ഇങ്ങോട്ടും ബസ്സുകടത്തിക്കൊണ്ടു പോകാൻ നിവൃത്തിയില്ല.

MR. A. KUMARA PILLAI (*Secretary to Government*): കഴിഞ്ഞ മൂന്നുവർഷങ്ങൾക്കുള്ളിൽ ആലപ്പുഴ എത്ര പാലം കെട്ടിയിട്ടുണ്ടു്?

MR. P. S. MAHOMED (*Nominated*) : രണ്ടോ മൂന്നോപാലം കെട്ടിയിട്ടുണ്ടു്.

MR. A. KUMARA PILLAI (*Secretary to Government*) ഈ രാജ്യത്തെ മറുസ്ഥലങ്ങളെ അപേക്ഷിച്ചു് ആലപ്പുഴയല്ലെ കൂടുതൽ പാലം പണിയിച്ചിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*): മറ്റു സ്ഥലങ്ങളെ അപേക്ഷിച്ചു കച്ചവടസൌകര്യം അലപ്പുഴയാണു കൂടുതലുള്ളതു്. അതുകൊണ്ടു് അതിനു തക്കസൌകര്യം ചെയ്തുകൊടുക്കുന്നതുകൊണ്ടു് അതൊട്ടും കുടിപോകുന്നതല്ല. അതിനാൽ അലപ്പുഴയ്ക്കുവേണ്ടി കൂടുതൽ പണം ചിലവാക്കുകയാണു വേണ്ടതു്.

MR. A. THANU PILLAI (*Trivandrum*): തലസ്ഥാനമായ തിരുവനന്തപുരത്തു് ഇങ്ങനെ വല്ലതും ചെയ്തുകൊടുത്തിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*): ചെയ്തുകൊടുക്കുന്നുണ്ടു്. അലപ്പുഴ പാലത്തെപ്പോലെ അത്യാവശ്യമായി ഒന്നും തന്നെയില്ല. അലപ്പുഴ കച്ചവടത്തിനു പ്രധാന സൌകര്യമായിട്ടു തീർന്നതുതന്നെ അവിടെയുള്ള തോടുകൾ നിമിത്തമാണു്. ഈ തോടുകൾ കടക്കുന്നതിനു വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുത്തില്ലെങ്കിൽ ഈ തോടുകൊണ്ടോ റോഡുകൊണ്ടോ ഒരു പ്രയോജനവുമില്ല.

ഇത്രയും സംഗതികൾ ചൂണ്ടിക്കാണിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. K. KRISHNAN NAYAR (*Pattanamtitta*): Sir, I also support the motion before the House. My object in supporting the motion is to point out the local needs of my constituency. Recently three breaches have occurred in the bunds that have been erected a little lower down Erapuzha bridge on the southern side of the river Pampa. If these breaches are allowed to remain as they are now, they will cause very great damage to the locality.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഈ ബ്രീച്ചു് ഉണ്ടായതെപ്പോഴാണു്?

MR. K. KRISHNAN NAYAR (*Pattanamtitta*): കഴിഞ്ഞ വെള്ളപ്പൊക്കകാലത്തു്.

During the flood season those breaches would cause very great inconvenience to the people there and therefore, that requires the immediate attention of Government. I understand that the people of the locality have requested the Chief Engineer about the urgent necessity of attending to the matter. But I do not think that any attention has yet been given to this. Then again, I have to point out in this connection that my constituency of Pattanamtitta has got only very little means of communication. When I interpellated Government as to whether the Chief Engineer has inspected any part of Pattanamtitta, I got an answer that he was at Pattanamtitta from the 20th to the 22nd June of this year.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ചോദ്യം അയച്ചതിനു ശേഷമല്ലേ ചീഫ് എൻജനീയർ പരിശോധനയ്ക്കു വന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. K. KRISHNAN NAYAR (*Pattanamtitta*): ചോദ്യം അയച്ചതി നശേഷമാണ് ഇങ്ങിനെ ഒരു സ്ഥലമുണ്ടെന്നതന്നെ ചീഫ എൻജി നിയർ അറിഞ്ഞതെന്നുവേണം വിചാരിക്കാൻ. അല്ലെങ്കിൽ അല്ലെന്ന അദ്ദേഹം തന്നെ പറയട്ടെ.

Then I asked whether the Chief Engineer has seen any of the ryot's roads of the taluk of Pattanamtitta. The Government were not in a position to supply any information to me on that point. When I asked an interpellation in one of the previous sessions of the Council as to how many miles of ryot's roads were taken up by Government for maintenance, I got the answer that only nine and one-fourth miles have yet been taken up. I know there is a good number of miles of ryot's roads in my taluk which deserve to be taken up for maintenance. The other day, the Government member was saying that these roads are not constructed according to the rules laid down. I am sure, Sir, and I can convince the Chief Engineer or anybody, that these roads are constructed in strict accordance with the rules laid down by Government. I think that there will be no roads in my constituency, I mean ryot's roads, which do not comply with the rules laid down by Government. Under these circumstances, I would earnestly request Government to take up as many miles of ryot's roads as possible for departmental maintenance, and also to convert those roads that have already been taken up into cart roads. Most of them are not cart roads at present. In this connection, I have to point out the importance of constructing a bridge at Kumpazha and another at Kaipattur. We are all aware of the fact that, during the last floods, there was the capsizing of the ferry boat at Kumpazha ferry and several deaths occurred as a result. Anybody who has visited that place will be convinced of the urgent necessity for a bridge there. So also at Kaipattur. I have to make one more suggestion, Sir. Instead of constructing two bridges in these two places one bridge at Koikkalkadavoo will serve the purpose if only Government are willing to take up the road from Kolanada to Omallur and also the road from Kumpazha to Konnivia Vettoor and convert them into cart roads. That will also give access to the pepper farm and teak plantations at Konni. With these words, I also support the motion before the House.

MR. N. K. KRISHNA PILLAI (*Neyyattinkara*): Sir, I also rise to support the motion. I was surprised to hear the statement made by my friend Mr. Kunjitomman, I am sorry that he is not here just now, that South Travancore and other places near Trivandrum, apparently including my constituency also, are amply provided with means of communications such as roads and bridges, while North Travancore and other places are not amply provided for in this respect. Sir, I am sure that those of my friends who represent South Travancore constituencies, and even Government, will not take seriously the statement made by my friend Mr. Kunjitomman. In recent years I am sorry to find that so far as the provsion for my constituency is concerned, the Government have not been anxious to meet the just and reasonable demands of the people. For instance, Sir, I may refer to

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Krishna Pillai]

a particular urgent public need so far as my constituency is concerned, I mean the necessity for a bridge over the Neyyar at Poovar. That is a matter which has been pointedly brought to the attention of Government year after year both in this Council and in the Popular Assembly. About three years ago, when Mr. Watts was the Dewan, he had occasion to visit the place. He made a personal enquiry into the matter and he was quite satisfied that the demands of the people for a bridge at Poovar was legitimate and reasonable and he promised us that he would take early steps to satisfy the demand. But unfortunately that promise has not materialised and we are still where we were.

Then, Sir, there is the Kottukal channel. About the year 1080, during the floods of that year, the whole *ela* comprising several acres of paddy lands, was inundated, with the result that damages of a permanent nature occurred, and the ryots were not able to cultivate these lands and get a single grain of paddy from these fields. This opened the eyes of the Government, and it was, I think, during the time of Mr. Natesa Aiyar the proposal to open two channels to the west and the east of this *ela* materialised, and some time after that an appreciable amount was spent for the construction of a channel to the east. But nothing was done about the channel to the west. So the money that was spent for the east channel must also be considered to be spent uselessly. So far as the facilities for the ryots for cultivation are concerned, the ryots have not been benefited in the least by opening the channel in the east. I brought this matter to the attention of Government by means of interpellations and in the course of the speeches in the Budget debate, but the Chief Engineer and the other authorities have not been solicitous of enquiring into the matter.

Then, Sir, one of the roads which may be mentioned to which improvements should not wait any longer is Neyyattinkara-Mulaikonom road. That is one of the very important approach roads to the headquarters from Neyyattinkara. I think the P. W. D. authorities had prepared an estimate for the improvement of this road. Somehow or other, nothing has come out of it and no action has been taken. There are a number of other roads about which complaints have been received from the people for example the road from Puzhya temple to Puzhya bridge. For that also an estimate has been prepared some three or four years ago. But no action has yet been taken. That road is very important from the view point of the fisher folk who inhabit that area. A body of these people came to me a few days back and requested me to make a representation to this House with regard to this matter. I believe the Chief Engineer and the Government will take action at least on the works I have just referred to and alleviate the suffering of the people.

With these words I support the motion.

MR. A. NARAYANA PILLAI (*Vaikam*): സർ, സക്കീട്ടുചെയ്യുണ്ട അളുകാം ശരിയായി സക്കൂട്ട ചെയ്താൽ പ്രത്യേകം ഗുണമുണ്ടാകുമെന്നുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് അവർ അ വിധത്തിൽ ചെയ്യാതിരുന്നാൽ പൊതുജനപ്രതിനിധികളായ ഞങ്ങൾക്കു ഈ മാതിരി പറയാതെ ഒരു നിവൃത്തിയുമില്ല. കഴിഞ്ഞകൊല്ലത്തെ ട്രാവലിംഗ് അലവൻസിൽ ഒരു തുകവെട്ടി കുറച്ചതിന്റെ ഫലമായിട്ടോ എന്തൊ ചീഫ് എൻജിനീയർ നാട്ടിൻപുറങ്ങളിലുള്ള അവശ്യങ്ങളെന്താണെന്നു അന്വേഷിക്കയൊ ഏതെങ്കിലും അവശ്യങ്ങൾക്കു പരിഹാരമുണ്ടാക്കുകയൊ ചെയ്തിട്ടില്ല. പൊതുജനങ്ങളുടെ അവശ്യങ്ങൾ എന്താണെന്ന് അറിയത്തക്കവണ്ണം സഞ്ചരിച്ചിട്ടില്ലാത്തതുകൊണ്ടായിരിക്കാം അത്യാവശ്യമായ വേലകൾക്കുപോലും ബഡ്ജറ്റിൽ തുക കാണാത്തത്. ജനങ്ങൾ സാധാരണമായി ഉപയോഗിച്ചുകൊണ്ടിരുന്നതും ഇപ്പോൾവീഴും, അല്ലെങ്കിൽ പിന്നെവീഴും എന്നുള്ള സ്ഥിതിയിൽ ഇരുന്നിരുന്നതുമായ ഒരു പാലത്തെപ്പറ്റി മി: വൈപ്പൻ ചീഫ് എൻജിനീയരായിരുന്നകാലത്ത് അദ്ദേഹം സ്ഥലത്തുവന്നപ്പോൾ ജനങ്ങൾ പരാതിപ്പെട്ടിരുന്നു. അദ്ദേഹം അതു നോക്കിയ ഉടനെതന്നെ അ പാലം പണിയുന്നതിന് ഏർപ്പാട് ചെയ്യുകയും പാലം മുഴുവനാക്കുകയും ചെയ്തു.

MR. A. KUMARA PILLAI (*Secretary to Government*): ഏതു പാലമാണിതു ?

MR. A. NARAYANA PILLAI (*Vaikam*): വലിയാനപ്പുഴപാലം.

വെട്ടൂരിലേക്കുള്ള റോഡിലുള്ള അട്ടാനപാലം പണിതീർന്നു എന്നു റിപ്പോർട്ടിൽ കാണുന്നുണ്ട്. എന്നാൽ ഞാൻ ഇങ്ങോട്ടു പോരുന്ന അവസരത്തിൽ പണിതീർന്നിട്ടില്ലെന്നും പണി നടന്നുകൊണ്ടിരിക്കയാണെന്നും എനിക്കറിയാം. ഏതായാലും അത് താമസിയാതെ പൂർത്തിയാകുമെന്നുതന്നെ വിശ്വസിക്കാം. ഈ റോഡ് മി: വാട്സ് ദിവാൻജിയായിരുന്ന കാലത്തു വന്നു കാണുകയും ഇതോടുചേർന്നു കോട്ടയം-കുമരകം റോഡിന്റെ ആവശ്യകത അപ്പോഴത്തെ ദിവാൻജിക്കു ബോധ്യപ്പെടുകയുംചെയ്തു. ചീഫ് എൻജിനീയർ അ സ്ഥലങ്ങൾ നോക്കിയിരുന്നാൽ തീർച്ചയായും ഒരു തുക ഇക്കൊല്ലത്തെ ബഡ്ജറ്റിൽ അതിലേക്കായി നീക്കിവയ്ക്കുമായിരുന്നു.

MR. A. KUMARA PILLAI (*Secretary to Government*): മെമ്പർ പറയുന്നതു് വലിയാനപ്പുഴ-വെട്ടൂർ റോഡിനെപ്പറ്റിയാണൊ?

MR. A. NARAYANA PILLAI (*Vaikam*): അതിനെപ്പറ്റിയുള്ള എന്റെ ചോദ്യത്തിനു പണമുണ്ടാകുമ്പോൾ ചെയ്യാമെന്നാണ് മറുപടി പറഞ്ഞതു്. എന്നാൽ ഇതിലേക്കുവേണ്ടി കുറെ പണം ചിലവു ചെയ്തിട്ടുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Narayana Pillai.]

ന്നും ഇതു പൂർത്തിയാക്കാതെയും മെൻറയിൻ ചെയ്യാതെയുമിരുന്നാൽ വർഷകാലത്തു മുഴുവനും പൊട്ടിഒലിച്ചു നിഷ്പ്രയോജനമായി പോകുമെന്നും അറിയേണ്ടതാണ്.

MR K. KRISHNAN NAYAR (*Pattanamtitta*): പണമുണ്ടാകുമ്പോൾ ചെയ്യാമെന്നുള്ള സമാധാനം വേറെ വല്ലമെമ്പർമാരോടും പറഞ്ഞതായി ഓർക്കുന്നുണ്ടോ?

MR. A. NARAYANA PILLAI (*Vaikam*): ചിലരോടൊക്കെ അങ്ങിനെ സമാധാനം പറഞ്ഞുകാണും അതുകൊണ്ടു ഞങ്ങൾക്കു സമാധാനമായില്ല.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): അതുരോടാണ് അങ്ങിനെയുള്ള സമാധാനം പറയാത്തതെന്നു പറയാമോ?

MR. A. NARAYANA PILLAI (*Vaikam*): അതു് ഓരോരുത്തർക്കും നൽകിയിട്ടുള്ള സമാധാനം നോക്കണം.

എന്നാൽ ഇങ്ങനെ സമാധാനം പറയുന്നതിനും പുറമെ കഴിഞ്ഞ കൊല്ലത്തെ ബഡ്ജറിൽ പണം അനുവദിച്ചിരുന്ന പണികൾതന്നെ നടത്താതെയിരുന്നിട്ടുണ്ട്. ഇതിനൊക്കെ കാരണം സൂപ്പർവിഷൻ നിഷ്കർഷയായി ചെയ്യാത്തതാണ്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): അടുത്തയാണ്ടത്തെ ബഡ്ജറിലും പണം ചേർത്തിട്ടില്ലെ?

MR. A. NARAYANA PILLAI (*Vaikam*): ഉണ്ട്. അതും കഴിഞ്ഞയാണ്ടത്തെപ്പോലെ ആയാൽ വളരെ കഷ്ടമായിരിക്കും. പണം അനുവദിച്ചതുകൊണ്ടുമാത്രം ഒരു വിശേഷവുമില്ല. ജനങ്ങൾക്കാവശ്യമുള്ള പണികൾ ചെയ്തുകൊടുക്കണം. അതു് ചെയ്തുകൊടുക്കാൻ ഡിപ്പാർട്ടുമെൻറിനു മനസ്സില്ലാതെയാണ് കാണുന്നതു്.

MR. K. KRIHSNAN NAYAR (*Pattanamtitta*): വളരെ അത്യാവശ്യങ്ങളായ കാര്യങ്ങൾക്കു ബഡ്ജറിൽ പണം അനുവദിക്കാറുണ്ടോ?

MR. A. NARAYANA PILLAI (*Vaikam*): ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടാൽ അനുവദിക്കും.

MR. K. KRISHNAN NAYAR (*Pattanamtitta*): അത്യാവശ്യങ്ങളായ കാര്യങ്ങൾക്കാണൊ സാധാരണ പണം അനുവദിച്ചുവരുന്നതു്?

MR. A. NARAYANA PILLAI (*Vaikam*): അങ്ങനെ അനുവദിക്കുന്നുണ്ടെന്നുവേണം ഊഹിക്കാൻ.

മൈനർ ഇറിഗേഷൻ കമ്മിറ്റി റിപ്പോർട്ടിൽ കൃഷിക്കത്യാവശ്യം ചെയ്യേണ്ടതാണെന്നു പറഞ്ഞിരുന്ന അഞ്ചുമനതോടു്, വല്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

തോട്ട തുടങ്ങിയുള്ള ചില തോട്ടകൾ നന്നാക്കാൻ രണ്ടുമൂന്നുവർഷങ്ങളായി പണം അനുവദിച്ചിരുന്നുവെങ്കിലും പണം ചിലവുചെയ്തിട്ടുള്ളതായി കാണുന്നില്ല. അഥവാ ബഡ്ജറിൽ ചേർക്കുന്ന സംഖ്യ ചിലവുചെയ്യുകയാണെങ്കിൽതന്നെയും അതു പ്രയോജനകരമായ തീരത്തക്കവണ്ണമൊ മേലാൽ കൂടുതൽ പണം ചിലവുചെയ്യേണ്ടിവരാതിരിക്കത്തക്ക നിലയിലൊ ആയിരിക്കയില്ല. കൃഷിക്കാരുടെ ആവശ്യത്തിനു ഈ തോട്ടകൾ വെട്ടിക്കൊടുക്കേണ്ടതാണെന്നു പ്രതിവർഷം പരാതി പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. പെരുമ്പിലവു തോട്ട നന്നാക്കണമെന്നു പറയുകയും അതിലേക്കായി പണം അനുവദിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അതു പൂർത്തിയാക്കാതെയിരിക്കുകയാണു്. ഈ തോട്ട കൃഷിക്കും ഗതാഗതത്തിനും അത്യന്താപേക്ഷിതമായ ഒന്നാണു്. ചീഫ് എൻജിനീയർ ശരിയായി നിരീക്ഷണം ചെയ്ത ജനങ്ങളുടെ ആവശ്യകത അറിഞ്ഞു് അതനുസരിച്ചു പെരുമാറിയിരുന്നാൽ ഇതിനുമുമ്പുതന്നെ ഈ തോട്ട പൂർത്തിയാക്കാമായിരുന്നു. ഈ വിഷയങ്ങളിലെല്ലാം ചീഫ് എൻജിനീയരുടെ ശ്രദ്ധയെ ഒന്നുകൂടി ക്ഷണിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. A. THANU PILLAI (*Trivandrum*): Sir, I am not sure whether any amount allotted for travelling allowance will have to be spent in connection with matters that I am submitting for the consideration of the House because I have to refer to what has to be done in the town of Trivandrum. I have got some doubt whether in speaking on the motion relating to travelling allowance, I can call the attention of the House to the needs of Trivandrum.

PRESIDENT: You are not in order.

MR. A. THANU PILLAI (*Trivandrum*): May I mention this fact, that other members here were speaking about the needs of their constituencies such as roads and bridges?

PRESIDENT: It has been allowed on the understanding that needs outside Trivandrum were not met due to the insufficiency of the Chief Engineer's touring. It cannot apply to Trivandrum town.

MR. J. S. WESTERDALE (*Chief Engineer*): Sir, the grounds covered by the numerous speakers on this motion and the large number of works mentioned by name will make it impossible, I am sure, for me to refer to all of them separately at the time at my disposal. But after dealing with the question on general lines, I will, if possible, reply in regard to some of the very important works mentioned. I should like to thank the members for the consideration shown to me in the tone of their remarks on this motion when I have had to submit a very lean budget. It has been a matter of regret, as I have already submitted, to me as well as, I hope, to the other members of this House, that we

LIBRARY ARCHIVES Kerala Legislative Assembly

M r. J. S. Westerdale.]

are unable to spend more this year on public works. But though the plant has been very closely pruned this year, there are, I think, one or two hopeful buds which I think will eventually bring prosperity to the State and even increase the revenue. I refer to the Pallivasal Hydro-Electric Scheme and the Neriamangalam bridge. The Finance Member reminds me that these come under capital works. I am speaking of the importance of P. W. D. works as a whole. I take exception to the complaints about my inadequate touring. Well, I am very fond of touring. I would sooner be out on tour and camping in some of the very pleasant places in Travancore than spending my time in the headquarters. But as Head of the department I find it strictly impossible to spend more time on tour than I have done-and on more than one occasion I have been either told by the Government not to go on tour or while I was on tour, I was asked to come back quickly to attend to very important works at the headquarters. Now I must correct the observations made by Mr. S. Krishna Pillai as regards the number of days I have been on tour. I must explain that 14 is a misprint. It should have been 147 instead of 14. In 1106 I was actually on tour for 147 days. In 1107 Budget discussion, I gave list of the tours I have performed. In 1107 I am sorry to say I have travelled less. I have travelled only for 105 days. I do not want the members to be under the impression that because they did not sanction my full T. A. but made a cut in it I travelled less. As members know, we had very important functions to do during the year, in connection with the Investiture and the visit of the Indian State Enquiry Committee. For the latter function I was on special duty for a month and was in the head Quarters all the time. Even in connection with Investiture I had a great deal of work which prevented my going on tour. I think these two items alone would account for the reduction of 42 days in my tour in 1107.

MR. K. P. KOCHUKORA TARAKAN (*Kunnatnad*) ; Louder please.

MR. J. S. WESTERDALE (*Chief Engineer*) : A reduction was made in my rates of travelling allowance by the Madras Government. My mileage has been reduced by 50 per cent. and my halting allowance by 40 per cent. At the present time I actually draw lower rates of travelling allowance for journey by road than the Executive Engineers in my Department.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Has the Chief Engineer to pay tolls ?

MR. J. S. WESTERDALE (*Chief Engineer*) ; I had till recently to pay tolls. But Government have kindly exempted me from that in future. I want to say nothing more about the travelling allowance except to explain why I have increased the grant a little this year. The Budget allotment last year was Rs. 3,000. This year it is Rs. 3750. I do not think the House realises that allotment does not cover only my own personal travelling allowance. It covers the travelling allowance of my office establishment and peons. Therefore this year I have

LIBRARY ARCHIVES Kerala Legislative Assembly

